# പതിമുന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം 1039

08.01.2014ൽ മറുപടിക്ക്

## ടൂറിസത്തിൽ നിന്നുള്ള വരുമാനം

**ചോദ്യം**

**ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി.**
**ശ്രീ. ഹൈബി ഈഡൻ**
**ശ്രീ. പി. എ. മാധവൻ**
**ശ്രീ. കെ. മുരളീധരൻ**

എ) ടൂറിസം വഴിയുള്ള വരുമാനം വർദ്ധിപ്പിക്കാൻ എന്തെല്ലാം കർമ്മപദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്; വിശദമാക്കുമോ

**ഉത്തരം**

**ശ്രീ. എ.പി.അനിൽകുമാർ**
**(ബഹു.പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി)**

എ) വരുമാന വർദ്ധനവിനായി സർക്കാർ സ്വീകരിച്ചു വരുന്ന നടപടികൾ താഴെ വിവരിക്കുന്നു.

- അന്താരാഷ്ട്ര വിനോദ സഞ്ചാരികളെ കേരളത്തിലേക്കാകർഷിക്കുന്നതിനായി അന്താരാഷ്ട്ര വ്യാപാരമേള, റോഡ് ഷോ.
- ആഭ്യന്തര വിനോദ സഞ്ചാരം പരിപോഷിപ്പിക്കുന്നതിനായി നടത്തുന്ന ദേശീയ വ്യാപാര മേള, റോഡ് ഷോ.
- സംസ്ഥാന പ്രാദേശിക തലങ്ങളിൽ ഓണം വാരാഘോഷം, ഉത്സവം, നിശാഗന്ധി നൃത്തോത്സവം എന്നിവയിലൂടെ വിനോദ സഞ്ചാരം പരിപോഷിപ്പിക്കുന്നതിനുള്ള പദ്ധതികൾ
- മൺസൂൺ കാമ്പയിൻ, ആയുർവേദ കാമ്പയിൻ, ബാക്ക് വാട്ടർ കാമ്പയിൻ, നാഷണൽ ആന്റ് ഇന്റർ നാഷണൽ കാമ്പയിൻ എന്നിവ, വിവിധ ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾ, കമ്പ്യൂട്ടർ-ഇന്റർനെറ്റ്, ഫെയ്സ് ബുക്ക് എന്നിവ വഴി പരസ്യപ്രചരണം നടത്തിവരുന്നു.
- കൂടാതെ വിവിധ ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾ, കമ്പ്യൂട്ടർ-ഇന്റർനെറ്റ്, ഫെയ്സ് ബുക്ക് തുടങ്ങിയ ഡിജിറ്റൽ സംവിധാനങ്ങൾ മുഖേനയുള്ള പരസ്യങ്ങൾ തുടങ്ങി നൂതന പദ്ധതികൾ ഇതിനോടൊപ്പം ആവിഷ്ക്കരിക്കപ്പെട്ടിട്ടുണ്ട്.

ബി) നടപ്പ് സാമ്പത്തിക വർഷം എത്ര കോടി രൂപയുടെ വരുമാനമാണ് ലക്ഷ്യമിടുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ;

ബി) നടപ്പു സാമ്പത്തിക വർഷം 23,000/ കോടി രൂപയുടെ വരുമാനമാണ് ലക്ഷ്യമിടുന്നത്. 2012-ൽ 20,430/- കോടി രൂപ വരുമാനമായി ലഭിച്ചിട്ടുണ്ട്.

| (വരുമാനം കോടിയിൽ) | | |
|---|---|---|
| | 2011 | 2012 |
| ആഭ്യന്തര ടൂറിസ്റ്റുകൾ | 10,131.97 | 10,889 |
| വിദേശ ടൂറിസ്റ്റുകൾ | 4,221.99 | 4,571.69 |

സി) വരുമാന വർദ്ധനവിനായി, ടൂറിസം മേഖലയുമായി ബന്ധപ്പെട്ടവർക്ക് എന്തെല്ലാം സഹായങ്ങളും പ്രോത്സാഹനങ്ങളുമാണ് നൽകാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം ?

സി യും ഡി യും പുതിയ ടൂർ ഓപ്പറേറ്റർമാർക്കും, ഹോംസ്റ്റേ ഓപ്പറേറ്റർമാർക്കും ആയൂർവേദ ഓപ്പറേറ്റർമാർക്കും ദേശീയ-അന്തർദേശീയ ടൂറിസം മേളകളിൽ പങ്കെടുക്കുന്നതിന് ധനസഹായം ആദ്യത്തെ മൂന്നു വർഷം നൽകുക എന്നത് ടൂറിസം നയത്തിൽ വിവക്ഷിക്കുന്നുണ്ട്. ഇവരുടെ യാത്രാ ചെലവിനും പരസ്യ പ്രചരണത്തിനുംവേണ്ടി വരുന്ന ചെലവിന്റെ 25% തുക പരമാവധി 75,000/- രൂപ അന്തർദേശീയ മേളകൾക്കും 50,000/- രൂപ ദേശീയ മേളകൾക്കും ധനസഹായം ഉദ്ദേശിക്കുന്നുണ്ട്. കൂടാതെ കാസർഗോഡ്, കണ്ണൂർ, വയനാട്, കോഴിക്കോട്, മലപ്പുറം, പാലക്കാട് ജില്ലകളിൽ നിർമ്മിക്കുന്ന ചെറിയ ഹോട്ടലുകൾക്കും (30 മുറികളിൽ കുറവുള്ളവ) ധനസഹായം ഉദ്ദേശിക്കുന്നു. പുതിയ സംരംഭകരെ ടൂറിസം സാധ്യതയുള്ളതും അവികസിതമായതുമായ സ്ഥലത്തേയ്ക്ക് ആകർഷിക്കുന്നതിനും, ചെറുകിട സംരംഭകർക്ക് ദേശീയ-അന്തർദേശീയ മേളകളിൽ പങ്കെടുത്ത് കൂടുതൽ ടൂറിസ്റ്റുകളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിനും സഹായിക്കുന്നതിനാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്.

സെക്ഷൻ ഓഫീസർ